Reg. No. : ......................................

Name : ..........................................

**FY-08**

**FIRST YEAR HIGHER SECONDARY EXAMINATION, JUNE 2022**

Part – II

Time : 2 $\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (രണ്ട് സ്കോർ വീതം)** **(4 × 2 = 8)**

1. ജോനാഥൻ മറ്റു കടൽക്കാക്കകളിൽ നിന്ന് വ്യത്യസ്തനാകുന്നതെങ്ങനെ ?
   - പരിമിതികളെ മറികടക്കാനുള്ള ആഗ്രഹം.
   - വ്യക്തിപരമായ നേട്ടങ്ങളെ ഇഷ്ടപ്പെടുന്നു.
   - പുതിയ സാധ്യതകളെ കണ്ടെത്താനുള്ള ശ്രമം.
   - താണുപറന്ന് ഇരതേടിപ്പിടിക്കൽ.

2. താഴെ ചേർത്തവയിൽ ജനപ്രിയ സിനിമകളുടെ സവിശേഷതകൾ ഏതൊക്കെയാണ് ?
   - യാഥാർത്ഥ്യങ്ങളെ ചിത്രീകരിക്കുന്നു
   - സാമൂഹ്യ പ്രശ്നങ്ങളെ ഏറ്റെടുക്കുന്നില്ല
   - സങ്കല്പിക്കാനാവാത്ത ഇഷ്ടങ്ങളെ അവതരിപ്പിക്കുന്നു.
   - മികച്ച കലാസൃഷ്ടിയാണ്.

3. 'അനർഘനിമിഷ'ത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

- സൂഫി പാരമ്പര്യം
- അവ്യക്തമായ ആഖ്യാനം
- ദു:ഖം മുഖ്യമായ ഭാവമായി വരുന്നു.
- ഹാസ്യാവതരണം

4. 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്താവുന്ന രണ്ട് ആശയങ്ങൾ എടുത്തെഴുതുക.

- രാജ്യസ്നേഹവും, സാമൂഹ്യനീതിയും
- കുടുംബ ജീവിതവും സാമൂഹ്യജീവിതവും തമ്മിലുള്ള പൊരുത്തപ്പെടൽ
- അനുഭവങ്ങളോടുള്ള മാനുഷികമായ സമീപനം
- സായുധ സമരത്തിന്റെ ചിത്രീകരണം.

5. 'മുഹ്യദ്ദീൻ മാല' എന്ന കൃതിയുടെ സവിശേഷതയെന്ത് ?

- കാലം കൃത്യമായി രേഖപ്പെടുത്താത്ത കൃതി
- അറബി മലയാളത്തിലെ ആദ്യകാല കൃതി
- കേരളീയമായ ഇതിവൃത്തം
- ഗഹനമായ ആശയം ലളിതമായ ഭാഷ

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (രണ്ട് സ്കോർ വീതം) (3 × 2 = 6)**

6. 'സന്ദർശനം' എന്ന കവിതയിലെ 'പൊൻ ചെമ്പകം പൂത്തകരളെ'ന്ന പ്രയോഗത്തിന്റെ ഔചിത്യ ഭംഗിയെന്ത് ?

7. "എന്തിന് ? മർത്ത്യായുസ്സിൽ സാരമായതു ചില

   മുന്തിയ സന്ദർഭങ്ങൾ – അല്ല മാത്രകൾ മാത്രം –" 'ഊഞ്ഞാലിൽ' എന്ന കവിതയിലെ ഈ വരികളിലെ ആശയമെന്ത് ?

8. 'മുഹ്യിദ്ദീൻ മാല'യിൽ പരാമർശിക്കപ്പെടുന്ന സൂഫി ശ്രേഷ്ഠന്റെ അപദാനങ്ങളിൽ രണ്ടെണ്ണം പാഠഭാഗത്തിൽ നിന്ന് കണ്ടെത്തിയെഴുതുക.

9. 'വാസനാ വികൃതി' എന്ന ചെറുകഥയിൽ ഹാസ്യാത്മകമായി അനുഭവപ്പെട്ട ഒരുസന്ദർഭം എടുത്തെഴുതുക.

**10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (നാല് സ്കോർ വീതം) (5 × 4 = 20)**

10. 'തുരുമ്പുപിടിച്ച വിജാഗിരികൾ ഇളകുന്നതുപോലെയായിരുന്നു അവരുടെ ശബ്ദം' – 'ഓർമ്മയുടെ ഞരമ്പി'ലെ ഈ വാക്യം കഥയുടെ പശ്ചാത്തലത്തെപ്പറ്റി നൽകുന്ന സൂചനയാണോ ? വിശദമാക്കുക.

11. വേരുകളുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്ന (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) രണ്ടുസവിശേഷതകൾ എഴുതുക.

12. 'കായലരികത്ത് ' എന്ന ഗാനത്തിൽ തെളിയുന്ന മുഖ്യ ഭാവം പ്രണയമാണ്, പ്രതികരിക്കുക.

13. പ്രകൃതിയിലെ പരസ്പരാശ്രിതത്വത്തെ പരാമർശിക്കുന്ന ആധാര ചിത്ര (Documentary) മാണ് കൈപ്പാട്. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം കുറിപ്പായി എഴുതുക.

14. എന്താണ് കവിത ? എം. എൽ. വിജയൻ തന്റെ ലേഖനത്തിൽ കവിതയെക്കുറിച്ച് അവതരിപ്പിച്ച രണ്ടു നിരീക്ഷണങ്ങൾ എഴുതുക.

15. 'അനർഘനിമിഷം' മരണത്തെ അഭിസംബോധന ചെയ്യുന്ന രചനയാണോ ? പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

16. 'പീലിക്കണ്ണുകൾ' എന്ന പാഠഭാഗത്ത് ശ്രീകൃഷ്ണൻ ഓർത്തെടുക്കുന്ന ബാല്യകാല അനുഭവങ്ങൾ എടുത്തെഴുതുക.

**17 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.( ആറ് സ്കോർ വീതം) (5 × 6 = 30)**

17. ജീവിക്കുക എന്നതിനപ്പുറം, സ്വന്തം കഴിവുകൾ ആവിഷ്കരിക്കാൻ കഴിയുമ്പോഴാണ് ജീവിതത്തിന് അർത്ഥമുണ്ടാകുന്നത് എന്ന പാഠമാണോ ജോനാഥൻ എന്ന കടൽക്കാക്ക നൽകുന്നത്. വിശദമാക്കുക.

18. അരികിലാവുമ്പോഴും അപരിചിതത്വവും അകൽച്ചയും ബാധിച്ച് മൗനത്തിലേക്ക് പതിക്കുന്ന പ്രണയത്തെയാണ് സന്ദർശനത്തിൽ അവതരിപ്പിക്കുന്നത് – കവിതയിലെ പ്രണയത്തിന്റെ ഭൂത വർത്തമാനങ്ങളെ വിലയിരുത്തി വിശദീകരിക്കുക.

19. മത്സ്യത്തിന്റെ ജീവിത ലക്ഷ്യം പൊരുതി നിൽക്കുക എന്നതാണല്ലോ ? 'മത്സ്യം' എന്ന കവിതയെ മുൻ നിർത്തി സ്വാഭിപ്രായം രേഖപ്പെടുത്തുക.

20. ദൃഢവും ആഹ്ലാദ പ്രദവുമായ ദാമ്പത്യ ബന്ധത്തിന്റെ ആവിഷ്കാരമാണ് 'ഊഞ്ഞാലിൽ' എന്ന കവിത. ഈ ആശയത്തെ മുൻനിർത്തി ആസ്വാദനം തയ്യാറാക്കുക.

21. "അരുളില്ലയതെങ്കിലസ്ഥി തോൽ
സിര നാറുന്നൊരുടമ്പു താനവൻ;
മരുവിൽ പ്രവഹിക്കുമംബുവ-
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം" – (അനുകമ്പാദശകം)
ശ്രീനാരായണ ഗുരുവിന്റെ ഈ വരികളിലെ ആശയത്തെ അപഗ്രഥിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

22. 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്തെ ദേവിബഹൻ, തങ്കംനായർ എന്നീ രണ്ട് കഥാപാത്രങ്ങളെ മുൻ നിർത്തി സാമൂഹ്യജീവിതത്തിൽ അവർ സ്വീകരിച്ച വ്യത്യസ്ത നിലപാടുകളെ വിശകലനം ചെയ്യുക.

23. 'പുറപ്പെട്ടേടത്താണൊരായിരം, കാതമവൾ നടന്നിട്ടും' – 'സംക്രമണം' എന്ന കവിതയിലെ ഈ വരികൾ സ്ത്രീജീവിതാവസ്ഥയുടെ ചരിത്രമാണ് രേഖപ്പെടുത്തുന്നത് നിങ്ങളുടെ പ്രതികരണം കുറിപ്പായി എഴുതുക.

**24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (എട്ട് സ്കോർ വീതം)** **$(2 \times 8 = 16)$**

24. 'സ്വാതന്ത്ര്യം' എന്ന വാക്ക് ഉച്ചരിച്ചപ്പോൾ അവരുടെ വയ്പുപല്ലുസെറ്റ് ദയനീയതയോടെ പുറത്തേക്ക് വന്നു 'ഓർമ്മയുടെ ഞരമ്പ് ' എന്ന കഥയിൽ ഈ വാക്യത്തിനുള്ള പ്രസക്തി എന്ത് ? വിശദീകരിക്കുക.

25. 'മനുഷ്യനും പ്രകൃതിയും ഇണങ്ങി ജീവിച്ച ഒരു കാലമുണ്ടായിരുന്നു' – ഈ പ്രസ്താവനയെ മുൻനിർത്തി 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനത്തിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

26. വിരസമാകാനിടയുള്ള വാർദ്ധക്യത്തെ, യൗവനകാലത്തിന്റെ ഓർമ്മകൾകൊണ്ട് മറികടക്കുകയാണോ ഊഞ്ഞാലിൽ എന്ന കവിത ? കാവ്യഭാഗത്തെ മുൻ നിർത്തി വിശദീകരിക്കുക.

27. സ്നേഹ വാത്സല്യങ്ങൾ, യാന്ത്രികമായ പ്രകടനപരതയായി ചുരുങ്ങുന്ന കാലമാണിത് - വ്യത്യസ്തമായ ഒരനുഭവം 'ശസ്ത്രക്രിയ' എന്ന കഥ നൽകുന്നില്ലേ ? പ്രതികരിക്കുക.

---